ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് 12-3-2015 -ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള മസ്ദൂർ നിയമനം പുരോഗമിക്കുന്നു. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിവരുന്നുണ്ട്.

(ബി) ലൈനുകളിൽ വീണുകിടക്കുന്ന മരച്ചില്ലകളും മറ്റും വെട്ടിമാറ്റുന്ന ജോലി പ്രീമൺസൂൺ മെയിന്റനൻസിന്റെ ഭാഗമായും അല്ലാതെ നിശ്ചിത ഇടവേളകളിലും കൃത്യമായി ചെയ്തു വരുന്നുണ്ട്.

റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

10 (355) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്രത്തോളം വൈദ്യുതിയാണ് ഗ്രണഭോക്താവിന് ലഭിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 10,000 സോളാർ റൂഫ് ടോപ്പ് പദ്ധതി 2012-13 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് അതിലൂടെ 10,000 വീടുകളിലായി 10 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കിലോവാട്ട് പ്ലാന്റിൽ നിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതിയിൽ ഇതുവരെയായി ഏകദേശം 7000-ത്തോളം പ്ലാന്റുകൾ സ്ഥാപിക്കുകയും ഇതുവഴി 7 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

2014-15-ൽ ആരംഭിച്ച സോളാർ കണക്ട് പദ്ധതിയുടെ ലക്ഷ്യം 12 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കേന്ദ്ര നവനവകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ കേരളത്തിലെ നോഡൽ ഏജൻസി അനെർട്ടാണ്.

(സി) കേന്ദ്ര നവനവകരണീയ മന്ത്രാലയത്തിൽനിന്നും ചാനൽ പാർട്ണേഴ്സായി അംഗീകാരം നേടിയിട്ടുള്ള കമ്പനികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടവരെയാണ് അനെർട്ട് എംപാനൽ ചെയ്തിട്ടുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഒരു കിലോവാട്ട് പ്ലാന്റിൽനിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും.

വിവിധ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

11 (356) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ജലവൈദ്യുത പദ്ധതിയിൽനിന്നും ഇതര പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദനത്തിൽ ലക്ഷ്യമിട്ടത് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ജലവൈദ്യുത പദ്ധതിയിൽ നിന്നും ഇതര വൈദ്യുത പദ്ധതികളിൽ നിന്നും എത്ര വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്ര ഉൽപ്പാദനം സാദ്ധ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ ലക്ഷ്യം കൈവരിക്കാതെ പോയതിന് സർക്കാരിന്റെ ഉദാസീനത കാരണമായി എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly